The motion was carried.

The Secretary to the Council then read the title of the Bill.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, it is a very small Bill. I no not think it requires a Select Committee. It may be taken up for second reading on another occasion.

PRESIDENT: I take it that the motion is carried.

The motion was carried.

THE JENMI AND KUTIYAN REGULATION AMENDMENT BILL.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I rise to present the Report of the Select Committee on the Jenmi and Kutiyan Regulation Amendment Bill; and I beg to move that the Bill as reported be taken up for consideration.

MR. T. K. MADHAVAN NAYAR (*Ag. Secretary to Government*): I second it.

The motion was carried.

PRESIDENT: മി: ഉച്ചൻ നംപൂതിരിപ്പാട്, മറ്റ നംപൂതിരി മെമ്പർമാരുടെ അട്ടത്തു നിങ്ങൾക്കും സ്ഥാനം കിട്ടിയാൽ കൊള്ളാമെ ന്നു നിങ്ങൾ അപേക്ഷിച്ചു. അവരുടെ അട്ടത്തിരിക്കുന്നതു കൊണ്ടുവി രോധമില്ല.

അതനുസരിച്ചു മിസ്റ്റർ ഉച്ചൻ നമ്പൂതിരിപ്പാട് സ്ഥാനം മാറി യിരുന്നു.

MR. V. N. JATHA VEDAN NAMPUTIRIPAD (*Co-opted*): ജന്മികുടിയാൻ ബില്ലിനെ സംബന്ധിച്ചു വന്ന അമൻഡുമെൻറുകൾ ഇംഗ്ലീഷിൽ ചന്നി ട്ടുണ്ട്. അതിന്റെ മലയാളം തർജ്ജിമ കിട്ടിയിട്ടില്ല. തർജ്ജിമകി ട്ടിയതിനശേഷം ബില്ലിനെപ്പറ്റി ആലോചിക്കേണ്ടിയിരിക്കുന്നതിനാൽ നാളത്തേക്കു ഈ ബിൽ മാറ്റിയാൽകൊള്ളാമെന്നു ഞാൻ അഭിപ്രായ പ്പെടുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, there is a provision for the supply of Malayalam copies to non-English knowing members under Standing Order 39 (3):—

"If any member is unacquainted with English the Secretary shall also, if the President so directs, cause every such notice to be translated into Malayalam or Tamil as the case may be for his use."

PRESIDENT: മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാട്, ആദ്യത്തെ രണ്ടു അമൻഡുമെൻറിനെ പറ്റി ആലോചിക്കുന്നതിൽ ഇപ്പോൾ വി രോധമില്ലല്ലോ. അമൻഡുമെൻറുകളുടെ തർജ്ജിമ നാളെ തയ്യാറാ ക്കുവാൻ ഏർപ്പാടുചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സർ, ഈ സിലക്ട് കമ്മറ്റി റിപ്പോർട്ടിനെ വീണ്ടും ഒരു സിലിക്ട് കമ്മറ്റിക്ക് അയക്കണമെന്നുള്ള ഭേദഗതിയെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. സർ, ജന്മി കുടിയാൻ കാര്യങ്ങളെപ്പറ്റി അനേകകാലമായി പലവിധത്തിലുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാകുകയും പല അവസരങ്ങളിലും അതിനെപ്പറ്റി ജന്മിമാരും കുടിയാന്മാരും ഗവണ്മെൻറിനെറ അടുത്തു് സങ്കടങ്ങൾ പറയുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇതുവരെ ജന്മിമാരുടേയും കുടിയാന്മാരുടേയും സങ്കടങ്ങൾക്ക് പരിഹാരമായ യാതൊരു മാർഗ്ഗവും ഉണ്ടാക്കാൻ സാധിച്ചിട്ടില്ല എന്നുള്ള സംഗതി ഞാൻ ആദ്യമായി ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. അതുകൊണ്ടു് ഈ ബില്ലിനെ വീണ്ടും ഒരു സിലിക്ട് കമ്മറ്റിയുടെ അനേഷണത്തിനു് അയക്കണമെന്നാണു് ഞാൻ ആദ്യമായി ആവശ്യപ്പെടുന്നതു്. അതിനുള്ള കാരണങ്ങളേയും ഇവിടെ പ്രസ്താവിക്കാം. ഒന്നാമതായി ഈ രാജ്യത്തുള്ള മറ്റു ബില്ലുകളെ അപേക്ഷിച്ചു് ഈ ബിൽ എത്രയും കൂടുതൽ പ്രാബല്യമുള്ള ഒന്നാണെന്നാണു് എനിക്കു പറയുവാനുള്ളതു്. രാജ്യത്തിൻറെ സാമ്പത്തിക നിലയെക്കൂടി ബാധിക്കുന്ന ഒരുബില്ലാണു് ഇതു്. ഒരു വാദിയും പ്രതിയും കൂടി സിവിൽക്കോടതിയിൽ നടത്തുന്ന ഒരു വ്യവഹാരം പോലെയാണു ഈ ബില്ലിനെപ്പറ്റി ഈ കൗൺസിലിൽ ആലോചന നടത്തുന്നതു്. ഈ ബില്ലിനോടു് തുല്യപ്രാധാന്യമുള്ളതായി വേറെ അധികം ബില്ലുകൾ ഉണ്ടെന്നു് തോന്നുന്നില്ല. അതിനാൽ ഈ ബിൽ സംബന്ധിച്ച അവകാശവാദങ്ങളെപ്പറ്റി പല മഹാന്മാരും ഏറെക്കുറെ പരിശ്രമിക്കുകയും ജന്മിമാക്കും കുടിയാന്മാക്കും ഉള്ള സങ്കടത്തെ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പല പ്രാവശ്യവും കമ്മറ്റികൾ ഏർപ്പെടുത്തുകയും ബിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അവ ഒന്നും തന്നെ ജന്മിമാക്കോ കുടിയാന്മാക്കോ തൃപ്തികരമായ നിലയിൽ കാണാത്തതുകൊണ്ടാണു് ഗവണ്മെൻറു് അവയെ പല അവസരങ്ങളിലും സ്വീകരിക്കാതിരുന്നിട്ടുള്ളതു്. ഈ ബില്ലിൻറെ രൂപീകരണത്തിൽ സ്വീകരിച്ചിട്ടുള്ള തത്വത്തെപ്പറ്റി ഇവിടെപലരും അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. കുടിയാന്മാക്കു ഈ ബിൽ തൃപ്തികരമല്ലെന്നു് പത്രങ്ങൾ, മെമ്മോറിയലുകൾ, ഇവ വഴിയായിട്ടും നേരിട്ടു് എഴുത്തുകൾ മുഖേനയും മുറവിളികൂട്ടുന്നുണ്ടു്. ജന്മിമാക്കു ഈ ബിൽ ദോഷകരമാണെന്നു് ജന്മിഭാഗത്തു് നിന്നും ക്ഷോഭം പുറപ്പെടുവിക്കുന്നു. ഇരുകൂട്ടരേയും തൃപ്തിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ബിൽ രൂപീകരിച്ചുവെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഈ അവസരത്തിൽ ആ ഉദ്ദേശം സധിച്ച കാണുന്നില്ല എന്നുള്ളതും ഗതി വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എന്നാൽ ഇനിയും ഒരു സിലിക്ട് കമ്മറ്റി ക്രടിഏർപ്പെടുത്തി അതിൽ വിചാരണചെയ്തു കഴിഞ്ഞാൽ ഉദ്ദേശം സാധിക്കുമോഎന്നുള്ളതാണു് ആലോചിക്കേണ്ടതു്. ഇതിനു മുമ്പു ഒരു ബിൽ ഗവണ്മെൻറിൽ നിന്നും ശുപീകരിക്കുകയും അതിനെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ ബിൽ കൗൺസിലിൽ വരുന്നതിനു് മുമ്പ്, രണ്ടുകക്ഷികാംക്ഷം അതിനെപ്പറ്റി ആക്ഷേപം ഉണ്ടെന്നുള്ള കാരണത്താൽ തള്ളപ്പെട്ടുപോയി. ഇതിനു് മുമ്പു രാജ്യം ഒട്ടുക്കു് സഞ്ചരിച്ചു് കമ്മറ്റിക്കാർ വിചാരണകഴിച്ചശേഷം വലുതായ ഒരു റിപ്പോർട്ടു് ഗവണ്മെൻറിലേക്കു സമർപ്പിക്കുകയും ആ റിപ്പോർട്ടു് ഉപയോഗശൂന്യമെന്നു് കണ്ടു് തള്ളപ്പെടുകയും ചെയ്തു. ആ സ്ഥിതിക്കു് ഇനിയും ഒരു കമ്മറ്റി റിപ്പോർട്ടു് വരുത്തുന്നതു് പ്രയോജനമുള്ളതാണൊ അതിലേക്കു് വേണ്ടി വരുന്നകാലതാമസം നഷ്ടമുള്ളതാണൊ എന്നീ സംഗതികൾ ആലോചിച്ചു് തീർച്ചചെയ്യാവുന്നതാണു്.

സർവ്വപ്രധാനമായ ഈ ബില്ലിനെപ്പറ്റി ആലോചിക്കുന്നതിനു് ഒരു കമ്മറ്റി ഏർപ്പെടുത്തി അതിൽ വാദപ്രതിവാദം ചെയ്തു ചില വകുപ്പുകളെ ശുപീകരിച്ചു എന്നല്ലാതെ ആ വകുപ്പു് ശുപീകരിക്കുന്ന സംഗതികളിൽ ശരിയായ ഒരു തത്വത്തെഅടിസ്ഥാനപ്പെടുത്തിയല്ല സിലക്ട് കമ്മറ്റി റിപ്പോർട്ടു ശുപീകരിച്ചിട്ടുള്ളതെന്നു് ഇവിടെപ്രസ്താവിക്കാതെനിവൃത്തിയില്ല. ഈ ബിൽ ശുപീകരിക്കുമ്പോൾ സ്വത്തുക്കളുടെ അവകാശത്തെ നിയന്ത്രിക്കുക എന്നുള്ളതു് ഒരു പ്രധാനസംതിയായി കരുതേണ്ടതായിരുന്നു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇതിനെസംബന്ധിച്ചു മെമ്പറിനുള്ള അഭിപ്രായങ്ങൾ സിലിക്ട് കമ്മറ്റിയിൽ പ്രസ്താവിച്ചപ്പോൾ അതനുസരിച്ചു പ്രവർത്തിക്കുകയില്ലെന്നു് കമ്മറ്റിക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എനിക്കു് കഴിവുള്ളതൊക്കെ ഞാൻ സിലിക്ട് കമ്മറ്റിയിൽ പ്രസ്താവിച്ചിട്ടുണ്ടു്.

സ്വത്തുക്കളെ സംബന്ധിച്ച ചില ന്യായങ്ങൾ ഉണ്ടാക്കേണ്ടതുണ്ടു്. ഇതുവരെ ഉണ്ടായിട്ടുള്ള കോടതിവിധികളേയും കരാറുകളേയും അടിസ്ഥാനപ്പെടുത്തി വേണം ബിൽ ശുപീകരിക്കുവാൻ: പുതുതായിഒരു നിയമം ശുപീകരിക്കുക എന്നു വരുമ്പോൾ അതിനെ സംബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

എല്ലാകാര്യങ്ങളെപറ്റിയും ശരിയായി തെളിവെടുക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): അങ്ങിനെ തെളിവെടുക്കണമെന്ന് പറയാൻ ആക്കാണ് അധികാരം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ കൗൺസിലിനാണ് അതിനുള്ള അധികാരം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സിലിക്ട് കമ്മറിക്ക് നിർദ്ദേശങ്ങളും കൊടുക്കുന്നതിനു ഈ കൗൺസിലിനു അധികാരമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സിലക്ട് കമ്മറിയുടെ യുക്തം പോലെ പ്രവർത്തിക്കാവുന്നതാണ്. ഈ ബില്ലിനെ സംബന്ധിച്ച് തെളിവെടുക്കണമെന്നുള്ള അഭിപ്രായം സിലക്ട് കമ്മറിക്കുണ്ടെങ്കിൽ അങ്ങനെയുള്ള തെളിവു ശേഖരിക്കുന്നതിനുള്ള അധികാരം സിലക്ട് കമ്മറിക്കുണ്ട്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): മി. രാമൻ തമ്പി രാജ്യത്തിന്റെ എല്ലാഭാഗത്തും സഞ്ചരിച്ച് സാക്ഷിവിസ്താരം കഴിച്ചതിനുശേഷം ഗസറ്റിൽ പ്രസിദ്ധംചെയ്ത റിപ്പോർട്ട് ജന്മിമാർക്കും കുടിയാന്മാർക്കും സങ്കടകരമായ ഒന്നായിരുന്നു എന്നു മെമ്പർക്ക് അറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അത് അറിയാം. അതിനെപ്പറ്റി ഞാൻ പ്രസ്താവിച്ചു കഴിഞ്ഞു. അന്നത്തെ ഗവൺമെൻറിന്റെ ആർഡർ അനുസരിച്ച് ഒരു കമ്മറ്റി ഏർപ്പെടുകയും കമ്മറ്റി അംഗങ്ങളും അന്വേഷണം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി റിപ്പോർട്ട് സഹിതം ഒരു നക്കൽബിൽ സമർപ്പിച്ചു. അതിന്റെ തെളിവുകളും സാക്ഷിമൊഴികളും നോക്കുകയാണെങ്കിൽ അതു ശരിയായിട്ടുള്ളതല്ലെന്നു കാണാവുന്നതാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മി: രാമൻതമ്പിയുടെ ബില്ലിൽ, ആവശ്യമുള്ള കാര്യങ്ങൾക്കെല്ലാം വേണ്ടിടത്തോളം തെളിവെടുത്തിട്ടില്ലെന്നാണോ മെമ്പർ അഭിപ്രായപ്പെടുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാരുടേയും കുടിയാന്മാരുടേയും കാര്യങ്ങൾ ശരിയായി മനസ്സിലാക്കാതെ പലസംഗതികളും ആ ബില്ലിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): സിലക്ട് കമ്മറ്റിയിൽ ജന്മിപ്രതിനിധിക്കുടെ ഉണ്ടായിരുന്നില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉണ്ടായിരുന്നു. അതിനെപ്പറ്റി അഭിപ്രായ വ്യത്യാസവും ഉണ്ടായിരുന്നു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവശ്യമുള്ള ഭാഗങ്ങളെപ്പറ്റി ചോദിച്ചു വരുത്തിയിട്ടുണ്ടായിരുന്നൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അഭിപ്രായ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. റിപ്പോർട്ട് ശരിയല്ലെന്നു കണ്ടു് ഗവണ്മെൻറ് ആ ബിൽ തള്ളിക്കളഞ്ഞു.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): ഈ ബില്ലിനെപ്പറ്റി തെളിവെടുക്കണമെന്നു് കൗൺസിലിൻെറ ആലോചനയിൽ വരുത്തിയിട്ടുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സിലക്ട് കമ്മിറ്റി കൂടുന്ന അവസരത്തിൽ ആ കമ്മറ്റിക്കു് തെളിവെടുക്കുന്നതിനു് അധികാരമുണ്ടെന്നു് കൗൺസിലിൽ പറഞ്ഞിട്ടുണ്ടു്.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): ഈ സംഗതി കമ്മറ്റിയുടെ ആലോചനയ്ക്കു് വിഷയീഭവിപ്പിച്ചിട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബില്ലിനെപ്പറ്റി തെളിവെടുക്കണമെന്നു് ജന്മി ഭാഗത്തുനിന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): കമ്മറ്റി അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മെജാറിട്ടി അനുസരിച്ചു് കമ്മറ്റി തീരുമാനിച്ചു.

MR. JOSEPH KUNJU (*Changanachery* cum *Peermade*): മി: രാമൻ തമ്പിയുടെ റിപ്പോർട്ടു് സമർപ്പിച്ചതു് ഏതുപേരുടെ മൊഴിവാങ്ങിച്ചതിനുശേഷമാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വ o o കുടിയാന്മാരുടേയും ക o o ജന്മിമാരുടെയും മൊഴിവാങ്ങിച്ചിട്ടുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ആ മൊഴികൾ എവിടെയാണിരിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അവ ഗവണ്മെൻറിൽ ഉണ്ടു്. ആമൊഴികളെ ജന്മിഭാഗത്തുനിന്നും സമ്മതിച്ചിട്ടില്ല എന്നു് ധരിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): റൗണ്ട് ടേബിൾ കോൺഫറൻസിലെ തീരുമാനം അനുസരിച്ചല്ലെ ഈ ബിൽ ഉണ്ടായിട്ടുള്ളതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): റൗണ്ട് ടേബിൾ കോൺഫറൻസിന്റെ തീരുമാനമനുസരിച്ചാണു് ഈ ബിൽഉണ്ടാക്കിയിട്ടുള്ളതു് എന്നു സമ്മതിക്കാം. എന്നാൽ അവിടെനടന്നവാദങ്ങളെ ജന്മിപ്രതിനിധികൾ ഏറെക്കുറെ സമ്മതിച്ചിട്ടില്ല. ഈ ബിൽ രൂപീകരിച്ചശേഷം വീണ്ടും ഒരു കോൺഫറൻസ് കൂടി കാര്യങ്ങൾ എല്ലാവരും ശരിയായി മനസിലാക്കിയശേഷമല്ലാതെ ഇതു് ആലോചനക്കു് എടുക്കുന്നതല്ല എന്നു വിശ്വസിച്ചുകൊണ്ടാണു് അന്നു് കമ്മറ്റി പിരിഞ്ഞതു്. അന്നു് മി: താണുപിള്ള മുതലായ പല മെമ്പറന്മാരും ഈവിധത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതായി ഞാൻ ഇപ്പോൾ ഓർക്കുന്നുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സിലക്ട് കമ്മറ്റിയിൽ ജന്മിപ്രതിനിധികൾ ഉണ്ടായിരുന്നു എന്നറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം. കുടിയാൻ പ്രതിനിധികളുടെ സംഖ്യയനുസരിച്ചു് ജന്മിപ്രതിനിധികൾ ഇല്ലാതിരുന്നു എന്നും അറിയാം.

ഈ കൗൺസിലിൽ വച്ചാണു് റൗണ്ട് ടേബിൾ കാൺഫറൻസ് രൂപീകരിച്ചതു്. കൗൺസിലിൽവച്ചതന്നെ കുടിയാൻ പ്രതിനിധികളെ തിരിഞ്ഞെടുത്തു. അതുപോലെ നിഷ്പക്ഷനിലയിലുള്ള ആ കൗൺസിലിൽ വച്ചതന്നെ ജന്മിപ്രതിനിധികളേയും റൗണ്ട്ടേബിൾ കാൺഫറൻസിൽ തിരിഞ്ഞെടുക്കാമായിരുന്നു.

MR. JOSEPH KUNJU (*Changanachery* cum *Peermade*):നിഷ്പക്ഷനിലയിലുള്ള കൗൺസിലിൽനിന്നും തിരിഞ്ഞെടുത്ത സിലക്ട് കമ്മറ്റി രൂപീകരിച്ച റിപ്പോർട്ടിനെ ജന്മിപ്രതിനിധികൾക്കു് സ്വീകരിക്കുന്നതിനു് എന്താണു് ആക്ഷേപം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നിഷ്പക്ഷനിലയിലുള്ള സിലക്ട് കമ്മറ്റി റിപ്പോർട്ടാണെങ്കിൽ അതിനെ സ്വീകരിക്കുന്നതിൽ യാതൊരു വിരോധവുമില്ല. പക്ഷെ കുടിയാൻ മെമ്പന്മാരുണ്ടായിരുന്നു. ജന്മിമെമ്പറന്മാർ മൂന്നുപേർ മാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽ മെജാറിട്ടി കുടിയാന്മാക്കു കിട്ടുകയുള്ളു.

MR. JOSEPH KUNJU (*Changanachery* cum *Peermade*): കുടിയാന്മാരുടെ സ്ഥാനം ശരിയായി അർഹിക്കുന്ന മെമ്പർമാർ എത്രയുണ്ടെന്നറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം.

MR. JOSEPH KUNJU (*Changanachery cum Peermade*): തിരിഞ്ഞെടുക്കപ്പെട്ട ജന്മിമാരുടേയും കുടിയാന്മാരുടേയും വോട്ടനുസരിച്ചാണ് കാൺഫറൻസിൽ തീരുമാനം ഉണ്ടായതെന്നറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*) സിലക്ട് കമ്മറിയുടെ റിപ്പോർട്ട് നിഷ പക്ഷനിലയിലുള്ളതല്ലെന്നാണൊ മെമ്പർ അഭിപ്രായപ്പെടുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നിഷ് പക്ഷമായിട്ടുള്ളതല്ല. അതിനുള്ള കാരണവും പറയാം. ഒരാളിന് അവകാശപ്പെട്ടിരിക്കുന്ന സ്വത്തിന് യാതൊരു പ്രതിഫലവും കൊടുക്കാതെ, ഒരു നിയമമൊ ഒരു വകുപ്പൊമാത്രം വച്ചുകൊണ്ട്, മെജാറിട്ടി എന്നുള്ള ഒരു ഒറക്കാരണവും പറഞ്ഞു വീണ്ടെടുക്കാമെന്ന് പറയുന്നത് ഒരിക്കലും ന്യായമല്ല. അത് ഒരു തത്വത്തേയും അടിസ്ഥാനമാക്കിയിട്ടുള്ളതുമല്ല.

MR. S. KRISHNA PILLAI (*Karunagapalli*): ഈ സിലക്ട് കമ്മറിറിപ്പോർട്ട് ഈ കൗൺസിലിൽ ഹാജരാക്കുമ്പോൾ ഈ കൗൺസിലിൽനിന്നും നിഷ് പക്ഷനിലയിലുള്ള ഒരു തീരുമാനം കിട്ടുമെന്ന് മെമ്പർ വിചാരിക്കുന്നുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബിൽകൊണ്ട് അനുകൂലം കിട്ടുമെന്ന് വിചാരിക്കുന്നില്ല.

MR. S. KRISHNA PILLAI (*Karunagapalli*): അതുകൊണ്ട് ഈ സിലക്ട് കമ്മറി റിപ്പോർട്ട് കൗൺസിലിൽ ഹാജരാക്കാൻ പാടില്ലെന്നാണൊ മെംബറുടെ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വാസ്തവം പറയുകയാണെങ്കിൽ.....

MR. S. KRISHNA PILLAI (*Karunagapalli*): കള്ളം പറയരുതേ!

MR. C. N. TUPPAN NAMUTIRIPAD (*Jenmies*): "വാസ്തവം പറയുകയാണെങ്കിൽ" എന്ന് ഞാൻപറഞ്ഞതു് എന്റെ ഭാഷയുടെ സ്ഥിതികൊണ്ടാണ്. അതുകൊണ്ട് അതിനെ വേറെ വിധത്തിൽ ധരിക്കരുതെന്ന് മെംബറോട് ഞാൻ ആവശ്യപ്പെടുന്നു. സിലക്ട് കമ്മിറിറിപ്പോർട്ട് ഈ കൌൺസിലിൽ ഹാജരാക്കാൻ പാടില്ലെന്നല്ല ഞാൻ പറഞ്ഞതു്. ഒരു കേസിൽ പത്തു പ്രതിയും ഒരു വാദിയും കൂടിചേന്ന് പതിനൊന്ന പേരുടെ മെജാറിട്ടി എടുത്തു് ആ കേസ് തീരുമാനിക്കുന്നതുപോലെയാണ് ഈ ബില്ലിനെപ്പററി ഈ കൌൺസിൽ തീരുമാനിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*) : അതുകൊണ്ട് ഈ ബിൽ കൌൺസിലിൽ കൊണ്ടുവരാതിരിക്കുന്നതിനായി അതു ഹാജരാക്കിയ ആളിനെക്കൊണ്ട് പിൻവലിപ്പിക്കണമെന്നാണൊ മെംബർ വിചാരിക്കുന്നത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : എന്നല്ല ഞാൻ പറയുന്നതു്. കൗൺസിൽമെംബറന്മാർ നിഷ്പക്ഷനിലയിൽ പെരുമാറുന്ന മാന്യന്മാരാണെന്നു് എനിക്കു് ഉത്തമവിശ്വാസമുണ്ടു്. എന്നാൽ ഇന്നു് രാജ്യത്തെ നടപ്പു് കോടതി വിധികൾ ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള കരാറുകൾ ഇവയെ ലംഘിച്ചു് പ്രവർത്തിക്കാൻ പാടില്ല.

MR. S. KRISHNA PILLAI (*Karunagapalli*) : ഈ കൗൺസിലിൽ ഹാജരാക്കിയാൽ ന്യായമായ തീരുമാനം കിട്ടുകയില്ലെന്നു് മെംബർക്കഭിപ്രായം ഉണ്ടെങ്കിൽ ബിൽ കൊണ്ടുവന്ന ആളിനെക്കൊണ്ടു് അതു പിൻവലിപ്പിക്കണമെന്നു് അഭിപ്രായമുണ്ടൊ?

MR. C. N. TUPPAN NAMPUTIRI PAD (*Jenmies*) : എന്നു ഞാൻ അഭിപ്രായപ്പെട്ടില്ല. സിലക്ടു് കമ്മറിയുടെ റിപ്പോർട്ടു് കണ്ടപ്പോൾ ഭയന്നുപോയി. നാട്ടു നടപ്പിനേയും അവകാശക്രമങ്ങളേയും കുറിച്ചു് സിലക്ടു് കമ്മറി മെംബറന്മാരും കൗൺസിൽ മെംബറന്മാരും സംഗതികൾ മുഴുവൻ മനസിലാക്കാത്തതുകൊണ്ടാണു് ഇങ്ങിനെ ഒരു റിപ്പോർട്ടു് സമർപ്പിച്ചതെന്നു് വിചാരിക്കാൻ ന്യായം കാണുന്നുണ്ടു്. അങ്ങിനെ തന്നെയാണു് ഞാൻ വിചാരിക്കുന്നതും.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : സിലക്ടു് കമ്മറിമെമ്പേർസിനെ ഈ സംഗതികൾ ധരിപ്പിച്ചിട്ടില്ലെ?

MR. C. N. TURPAN NAMPUTIRIPAD (*Jenmies*) : അവിടെവച്ചു് എന്നാൽ സാധിക്കുന്നിടത്തോളം മറു മെമ്പേർസിനേയും ഈ സംഗതികളെല്ലാം ധരിപ്പിച്ചിട്ടുണ്ടു്. ഈ നിലയിൽ വരുമെന്നു് തീരെ ധരിച്ചിരുന്നില്ല.

MR. A. THANU PILLAI (*Trivandrum*) : സിലക്ടു് കമ്മറിയിൽ വച്ചു് ഓരോ കാര്യങ്ങൾ ആലോചിച്ചു് തീർച്ചചെയ്തുകൊണ്ടിരുന്നപ്പോൾ തോന്നിയ അഭിപ്രായങ്ങളല്ല ഈ റിപ്പോർട്ടു് ഒത്തുനോക്കുമ്പോൾ തോന്നുന്നതു്, എന്നാണൊ മെംബർ അഭിപ്രായപ്പെടുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : സിലക്ടു് കമ്മറിയിൽ ഓരോ അഭിപ്രായങ്ങളെപ്പറ്റിയും വാദപ്രതിവാദം ചെയ്തു റൗണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ടേബിം ചെയ്കാൺഫറൻസിൽ രൂപീകരിച്ചിട്ടുള്ള ബില്ലിൽ നിന്നും വ്യത്യസ്തപ്പെട്ടനിലയിലാണ് സിലക്ട് കമ്മറിറിപ്പോർട്ട് സമർപ്പിച്ചപ്പോഠം കണ്ടത്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): സിലക്ട് കമ്മറിയുടെ തീരുമാനം അനുസരിച്ചുള്ള റിപ്പോർട്ടിന് ആക്ഷേപം ഉണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സിലക്ട് കമ്മറിയുടെ തീരുമാനത്തിൽ വിരോധമുണ്ടെന്നല്ല പറയുന്നത്. എന്നാൽ ആ തീരുമാനത്തെ ജന്മിഭാഗത്തുനിന്നും അനുകൂലിക്കുന്നതിന് നിവത്തിയില്ല. അതിനാൽ കുറെക്കൂടി വിശാലമായിട്ടുള്ള വിധത്തിൽ തെളിവ് വാങ്ങിക്കുന്നതിന് കൂടുതലായി അനേഷണം നടത്തണം എന്നാണ് എന്റെ അഭിപ്രായം.

MR. K. KUNJUKRISHNA PILLAI (*Quilon*): കൂടുതലായി തെളിവെടുക്കണമെന്നും അനേഷണം നടത്തണമെന്നും സിലക്ട് കമ്മിറിയിലെ മറ്റു മെമ്പന്മാരോട് മെമ്പർ ആവശ്യപ്പെട്ടിട്ടുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കമ്മിറിയിലെ മെജാറിട്ടി അനുസരിച്ച് തെളിവുവാങ്ങിക്കേണ്ട എന്ന തീരുമാനിച്ചശേഷമാണ് അതിനെപ്പറ്റി നിരൂപണംചെയ്യാൻ ഇടയായത്. അതുകൊണ്ടാണ് വീണ്ടും ഒരനേഷണംകൂടി നടത്തണമെന്ന് അഭിപ്രായപ്പെടുന്നത്.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): ഒരു സിലക്ട്കമ്മറിയെ വീണ്ടും നിയമിക്കുന്നത് ഈ കൌൺസിൽ അംഗങ്ങളിൽനിന്നതന്നെആണോ വേണ്ടത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതുകൊണ്ട് ആക്ഷേപമില്ല. പ്രതിനിധികഠം ഒരുപോലെയിരിക്കണമെന്നേയുള്ള.

MR. S. KRISHNA PILLAI (*Karunagapalli*): ഈ കൗൺസിലിൽ ഈ ബില്ലിനെപ്പറ്റി വായിച്ചുകേട്ട് തീരുമാനിച്ചാൽപോരെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആവശ്യമുള്ള റിക്കാഡുകഠംകൂടി നോക്കിച്ചെയ്യാൽ മതിയാകും. പക്ഷെ അത് ഈ കൗൺസിലിൽവച്ചു സാധിക്കുകയില്ല.

MR. S. KRISHNA PILLAI (*Karunagapalli*): സാക്ഷികഠം രേഖപ്പെടുത്തിയിട്ടുള്ള തെളിവുകഠം ഉണ്ടെന്ന് മെമ്പക്കറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*): പിന്നെ ക്ലൂത്തൽ തെളിവു രണ്ടാമതും ശേഖരിക്കണമെന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇപ്പോഠം നിലവിലിരിക്കുന്ന ബില്ലോ സിലക്ററ് കമ്മിററിറിപ്പോർട്ടോ ആ തെളിവുകഠം അടിസ്ഥാനപ്പെടുത്തി ഉണ്ടാക്കിയിട്ടുള്ളതല്ല.

പ്രധാനപ്പെട്ട സംഗതികളെക്കുറിച്ച് ഏതെങ്കിലുംവിധത്തിൽ നടപ്പിൽവരുത്തിയാൽ പോരാ. ക്ലൂത്തലായി ആലോചനനടത്തി തീരുമാനംചെയ്താൽ അതു് ഇരുക്ലൂട്ടക്കും മേൽ വഴക്കുകൂടാതെകഴിക്കാൻ സാധിക്കുന്നതാണു്.

MR. K. P. KOCHUKORA TARAKAN (*Kunnatunad*): ഒരു കമ്മിററിയിലെ മെമ്പറന്മാർ നിഷ്പക്ഷനിലയിൽ റിപ്പോർട്ട് സമർപ്പിച്ചു എങ്കിൽ രണ്ടാമതും ഒരു കമ്മിററിക്കു് എന്തിനാണു് അയക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബിൽ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതാണു്. ശരിയായ തെളിവെടുത്തു് ഒന്നുകൂടി ബിൽ ശ്രൂപീകരിക്കുന്നതായിരുന്നാൽ അവകാശക്രമങ്ങളെപ്പററി രണ്ടുക്ലൂട്ടക്കും തൃപ്തികരമായനിലയിൽ ഒരു തീരുമാനം വരാൻ സാധിക്കുമെന്നു തോന്നുന്നുണ്ടു്.

MR. K. P. KOCHUKORA TARAKAN (*Kunnatunad*): സിലക്ടു കമ്മിററി റിപ്പോട്ടെന്നുപറയുന്നതു റൗണ്ടു ടേബിഠ കാൺഫറൻസിൽ രണ്ടുകക്ഷികളുടേയും സമ്മതപ്രകാരമുള്ള വ്യവസ്ഥയനുസരിച്ചു ലാമെമ്പർ ഹാജരാക്കിയിട്ടുള്ള റിപ്പോർട്ടു് അല്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതേ. പക്ഷെ ഒരു തത്വത്തെയും അടിസ്ഥാനപ്പെടുത്തിയല്ല ബിൽ ശ്രൂപീകരിച്ചതു്. ബില്ലു് ശ്രൂപീകരിക്കാൻ സ്വീകരിച്ചതത്വത്തിന്റെവ്യാപ്തി വളരെ കടന്നുപോയി. അതിന്റെ വ്യാപ്തി നോക്കിയാൽ ജന്മിമാക്കു് ദോഷമാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): റൗണ്ടു ടേബിഠ കാൺഫറൻസിൽവച്ചു ഈ ദോഷം ഉണ്ടാകുമെന്നു തോന്നിയില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ബിൽ കണ്ടതിൽ പിന്നെയാണു് അതിനേപ്പററി മനസ്സിലായതു്. ഉഭയം ചുരുക്കുക എന്നുള്ളതിനെപ്പററി പറഞ്ഞിരിക്കുന്നതു് വളരെ ദോഷമാണു്. അതിൽ നാട്ടനടപ്പും അവകാശവും നോക്കേണ്ടതാണു്. മുമ്പു് ഫ്യൂ കൊല്ലത്തിലൊരിക്കൽ ഉഭയം ചുരുക്കുന്നതിനു് അവകാശം ഉണ്ടായിരുന്നു. ഉഭ

LIBRARY ARCHIVES Kerala Legislative Assembly

യം ചുരുക്കുന്നതിൽ ഇതു അവകാശം ഉണ്ടെന്നു നിശ്ചയിച്ചാൽ മതിയായിരുന്നു. ഉഭയം ഇതുയെന്നു് ക്ലിപ്തംചെയ്യേണ്ടതു് അത്യാവശ്യമാണു്. ഇതിനെപ്പറ്റി ജന്മിഭാഗത്തുനിന്നും പറഞ്ഞിട്ടുണ്ടു്. ബിൽ ശ്രുപീകരിക്കുമ്പോൾ ശരിയായി വന്നുകൊള്ളുമെന്നു് അപ്പോൾ പറഞ്ഞു. ബിൽ ശ്രുപീകരിക്കുമ്പോൾ നാട്ടുനടപ്പനുസരിച്ചുള്ള ഉഭയത്തെപ്പറ്റി നോക്കാതെ വരികയില്ലെന്നു് ഞങ്ങളും വിചാരിച്ചു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതു് ബില്ലിന്റെ ഏതുവകുപ്പാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ക ര -ാംവകുപ്പിന്റെ ഒന്നാം ഉപവകുപ്പാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതു് റൗണ്ട് ടേബിൾ കാൺഫറൻസിലെ പത്താമത്തെ തിരുമാനം അനുസരിച്ചാണു് നിശ്ചയിച്ചിട്ടുള്ളതു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : പന്ത്രണ്ടുകൊല്ലത്തിലൊരിക്കൽ ഉഭയം ചുരുക്കുകയാണു് പതിവു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതിലേക്കു് ഒരു തവണ അനുവദിക്കാം. മേൽ അനുവദിച്ചുകൂടാ എന്നാണു് തീരുമാനം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അതനുസരിച്ചു് ബില്ലിന്റെ ശ്രുപീകരണംവന്നപ്പോൾ ഇന്ന ഉഭയം എന്നു് ക്ലിപ്തംചെയ്തിട്ടില്ല. അതായതു് ദേശത്തെനടപ്പുംജന്മിമാർകൊടുത്തിട്ടുള്ള ആധാരങ്ങളുടെരീതിയും അടിസ്ഥാനപ്പെടുത്തി ഉഭയം ചുരുക്കേണ്ടതാണു്. ആ വിധത്തിലല്ല ബിൽ ശ്രുപീകരിച്ചിരിക്കുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പോഴത്തെ ജന്മികുടിയാൻ റഗുലേഷനിലെ വകുപ്പനുസരിച്ചല്ലേ അതു് ചേത്തിരിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : റഗുലേഷൻപ്രകാരം ക ഠ -കൊല്ലംകഴിയുമ്പോൾ ഏതവസരത്തിലും ജന്മിക്കു് ഉഭയം ചുരുക്കുവാൻ അധികാരം ഉണ്ടു്. ഇതുനിമിത്തം കോടതിയിൽ വ്യവഹാരങ്ങൾ വർദ്ധിക്കാനിടയുണ്ടു്. അതുകൊണ്ടാണു് ഉഭയം ചുരുക്കുന്നതിൽ ഒരു ക്ലിപ്തം വേണമെന്നു പറയുന്നതു്. ഈ നിയമം പാസ്സാക്കുന്നതായാൽ ഈ ഒറ്റ നിയമംകൊണ്ടുതന്നെ അനേകായിരംവ്യവഹാരങ്ങൾ ഉണ്ടാകുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതിനെപ്പറ്റി റൗണ്ട് ടേബിൾ കാൺഫറൻസിൽ പ്രസ്ഥാപിച്ചിരുന്നില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അതിന്റെ കാര്യത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. ബിൽ രൂപീകരിച്ചപ്പോൾ ആ ഭാഗം വന്നിട്ടില്ല. ഇന്നത്തെ നാട്ടുനടപ്പനുസരിച്ച് ജന്മിമാക്ക് ഉടയം കൂടുതൽ ചുരുക്കാൻ നിവർത്തിയില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഉടയം കുട്ടിവച്ചിട്ടുള്ള വസ്തുക്കൾക്കു പാട്ടവും കൂടുതലല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പണ്ടാരപ്പാട്ടവസ്തുക്കളെപ്പോലെ തന്നെ പാട്ടം ചുരുങ്ങിയ നിലയിലാണിരിക്കുന്നത്; പാട്ടം കൂടുതലില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ചില ആധാരങ്ങളിൽ പാട്ടം കുറവും ചിലതിൽ കൂടുതലും ഇരിക്കുന്നതനുസരിച്ച് ഉടയത്തിലും കൂടുതൽ കുറവില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വസ്തുക്കളുടെ പാട്ടത്തിനല്ല ഉടയം നിശ്ചയിക്കുന്നത്. കാണ സംഖ്യയ്ക്കാണ് ഉടയം വച്ചിരിക്കുന്നത്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : പാട്ടത്തിന് ഒരു തുക തള്ളിയിട്ട് ബാക്കിയുള്ളതു മിച്ചവാരം കൊടുക്കണമെന്ന ആധാരത്തിൽ നിശ്ചയിച്ചിരിക്കെ, പാട്ടം പഴയ നിലയിലിരുന്നാൽ പലിശ കൂടുകയും കടിയാന്റെ കയ്യിൽ നിന്നും അതു കൊടുക്കേണ്ടതായി വരികയും ചെയ്യുകയില്ലെ? പാട്ടം കുടിയിരിക്കുകയും ഉടയം ചുരുക്കാതിരിക്കുകയും ചെയ്താൽ മിച്ചവാരം കൂടുതൽ കൊടുക്കേണ്ടിവരികയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പാട്ടം കൂടുതൽ ആണെന്നുള്ള കാരണത്താൽ കാണത്തിന്റെ ഉടയം ചുരുക്കാമെന്നല്ല ഞാൻ പറയുന്നത്.

വിളവു കുറവാണെന്നു കണ്ടാൽ പാട്ടത്തിന്റെ സംഖ്യ കുറയ്ക്കാം. എന്നാൽ കാണം വാങ്ങിച്ച പണത്തിന്റെ പലിശയ്ക്കും വസ്തുവിന്റെ വിളവിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. ജന്മിഭാഗത്തെ മാത്രം ബന്ധിക്കുന്ന ഈ സംഗതി ന്യായമല്ല.

PRESIDENT : അതു ഫർമാം വകുപ്പിനു വ്യത്യാസമല്ല എന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ ഉഭയം ചുരുക്കാമെന്നുള്ള തത്വമാണ് സ്വീകരിക്കേണ്ടതു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അങ്ങിനെയല്ല. മേലാൽ ഒരു തവണ മാത്രമെ അനുവദിക്കുകയുള്ളു; പിന്നീടു പാടില്ലാ എന്നാണ്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ എന്നുള്ള സംഗതി ജന്മി ഭാഗത്തുനിന്നും സമ്മതിച്ചിട്ടുള്ള തത്വമാണ്; ഉഭയം ഇന്നതാണെന്നു ക്ലിപ്തപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബിൽ രൂപീകരിക്കുമ്പോൾ അങ്ങിനെ രൂപീകരിച്ചുകൊള്ളുമെന്നു പറഞ്ഞു. അങ്ങിനെ ഉഭയത്തിനു ക്ലിപ്തം ചെയ്തിരുന്നുവെങ്കിൽ വ്യവഹാരത്തിനെങ്കിലും ന്യായമായിരുന്നേനെ.

MR. S. KRISHNA PILLAI (*Karunagapalli*): ഉഭയത്തെ സംബന്ധിച്ചു കരാർ ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം അറിഞ്ഞുകൂടെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആയിരം ചക്രം കാണം ഉണ്ടെങ്കിൽ ഇത്ര സംഖ്യ പലിശ കൊടുക്കണമെന്നു് ആധാരത്തിൽ പറഞ്ഞിട്ടുണ്ടു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated Deputy President*): മിസ്റ്റർ തുപ്പൻ നമ്പൂതിരിപ്പാടു പറയുന്ന ഭാഗം സിലക്ട് കമ്മറിയിൽ പ്രസ്താവിച്ചിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പ്രസ്താവിച്ചിട്ടുണ്ടു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated Deputy President*): ജന്മിപ്രതിനിധികളുടേയും മറ്റുള്ളവരുടേയും വോട്ടെടുത്തു തീരുമാനിക്കുകയാണൊ ചെയ്തിട്ടുള്ളതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മെജാറിട്ടി അനുസരിച്ചാണു് അവിടെ തീരുമാനിച്ചിട്ടുള്ളതു്. ഈ ബില്ലിനു കൂടുതൽ തെളിവെടുക്കുന്നതിനു വീണ്ടും ഒരു സിലക്ട് കമ്മറിയിൽ, അയച്ചു, ഒന്നുകൂടി അന്വേഷണം നടത്തണം. ജന്മികുടിയാൻ കായ്ക്കളെ സംബന്ധിച്ചുള്ള ഹൈക്കോടതിയുടെ തീരുമാനങ്ങളെക്കൂടി നോക്കേണ്ടതാണു്. ഒരാളിന്റെ വസ്തുവിന്റെ അവകാശത്തെ മൂഴുവൻ യാതൊരു പ്രതിഫലവും കൂടാതെ കൊടുക്കണമെന്നാണു് ഈ റിപ്പോർട്ടിൽ കാണുന്നതു്. റഗുലേഷൻ അനുസരിച്ചു ജന്മവസ്തുക്കളെ ഒഴിപ്പിക്കാൻ പാടില്ല. സിലക്ട് കമ്മറി ചെയ്തിരിക്കുന്ന റിപ്പോർട്ടു ജന്മിമാരെ ദോഷപ്പെടുത്തണമെന്നുദ്ദേശിച്ചുള്ളു. എന്നാൽ അവർക്കു ജന്മിമാരുടേയും കുടിയാ-

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ന്മാരുടേയും അവകാശങ്ങളെ സംബന്ധിച്ച ശരിയായി മനസ്സിലായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ജന്മിമാരുടെ വസ്തുക്കളിൽ ജന്മിക്കു എത്ര അവകാശമുണ്ട് കുടിയാനു എത്ര അവകാശമുണ്ട് എന്നുള്ള സംഗതികൾ അവർ മനസിലാക്കി പ്രവർത്തിച്ചിരുന്നു എങ്കിൽ ഈ തക്കം വരികയില്ലായിരുന്നു. റൗണ്ട് ടേബിൾ കാൺഫറൻസിൽവച്ച പലിശ ഇളവു കൊടുക്കണമെന്നു പറഞ്ഞു. അതിനു തടസ്സം പറഞ്ഞപ്പോൾ രണ്ടിനും മദ്ധ്യേയുള്ള ഒരു തുകയിരുന്നുകൊള്ളട്ടെ എന്നു നിശ്ചയിച്ചു.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): മെംബർ സിലക്ട് കമ്മറിയിൽ ഹാജരാക്കിയ റിക്കാർഡുകളെ കമ്മറിയിൽനിന്നും നോക്കുകയില്ലെന്നു പറഞ്ഞുവോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതല്ല ഞാൻ പറയുന്നതു്. സിലക്ട് കമ്മറി വേണ്ടതുപോലെ തെളിവെടുത്തിട്ടില്ല എന്നാണു് എനിക്കു പറയാനുള്ളതു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): റിക്കാഡുകൾ ഹാജരാക്കിയപ്പോൾ അവയെ സ്വീകരിക്കുകയില്ല പരിശോധിക്കുകയില്ല എന്നു പറഞ്ഞിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങിനെ ചെയ്തിട്ടില്ല.

നംപൂതിരിബിൽ സിലക്ട് കമ്മറിയുടെ വിചാരണകഴിച്ചാണു് ഉണ്ടാക്കിയിട്ടുള്ളതു്. ക്ഷത്രിയബില്ലിനു രാജ്യംമുഴുക്കെ സഞ്ചരിച്ചു തെളിവെടുത്തു നാട്ടുനടപ്പു മനസ്സിലാക്കണമെന്നുനിശ്ചയിച്ചിട്ടുണ്ടു്. അതുപോലെ നായർ ബിൽ, ഈഴവബിൽ ഇവയൊക്കെ കൂടുതൽ തെളിവെടുത്തു നാട്ടുനടപ്പനുസരിച്ചാണു് രൂപീകരിച്ചിട്ടുള്ളതു്. അതുപോലെ ഈ ബില്ലിനും തെളിവെടുക്കണമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): മെംബർ പറഞ്ഞ രൂപത്തിലുള്ള തെളിവെടുത്തു റിപ്പോർട്ടു് അയക്കണമെന്നു കൗൺസിലിൽ പറഞ്ഞിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): രാജ്യം മുഴുക്കെ സഞ്ചരിച്ചു് തെളിവെടുക്കണമെന്നു് സിലക്ട് കമ്മറിയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): സിലക്ട് കമ്മറി നിയമിച്ച കാലത്തു രാജ്യം മുഴുവൻ സഞ്ചരിച്ചു തെളിവു ശേഖരിച്ച റിക്കാഡുകൾ പരിശോധിച്ചു് റിപ്പോർട്ടു

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കണമെന്നുള്ള കല്പന കൗൺസിലിൽനിന്നും കമ്മറിക്ക് കൊടുത്തിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇല്ല.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): അങ്ങിനെ തെളിവെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇല്ല. എന്നാൽ മറ്റു് അവസരങ്ങളിൽ നിശ്ചയിച്ച സിലക്ട് കമ്മറികളിൽ ഇങ്ങിനെ സഞ്ചരിച്ചു തെളിവെടുക്കണമെന്നു കൗൺസിലിൽനിന്നും പറയാതെതന്നെ തെളിവെടുത്തിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ടു്. നംപൂതിരി ബിൽതന്നെ അങ്ങിനെയുള്ളതാണു്.

MR. JOSEPH KUNJU (*Changanachery cum Peermade*): ഇതിനുമുമ്പു് ഇതിനെപ്പറ്റി രാജ്യം ഒട്ടുക്കു സഞ്ചരിച്ചു തെളിവു ശേഖരിച്ചിട്ടില്ലെ? മി: രാമൻതമ്പി അങ്ങിനെ തെളിവെടുത്തിട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇതിനുമുമ്പു് ശേഖരിച്ചിട്ടുള്ള തെളിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള തപ്പങ്ങൾ ആ ബില്ലിൽ കണ്ടിരുന്നു എങ്കിൽ ആ തെളിവുകളെ സ്വീകരിക്കുമായിരുന്നു. അങ്ങനെ കാണാത്തതുകൊണ്ടാണു് ആ ബിൽ തള്ളിക്കളഞ്ഞതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഈവിധത്തിലുള്ള ആക്ഷേപം, ഇനിയും സഞ്ചരിച്ചു ശേഖരിക്കുന്ന തെളിവുകളെപ്പറ്റിയും റിപ്പോർട്ടിനെപ്പറ്റിയും ഉണ്ടാകുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങിനെ വരികയില്ല. ഉത്തരവാദിത്വമുള്ള ഒരു കമ്മറിയെ രൂപീകരിച്ചു തെളിവെടുത്തു് ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു വലിയ വിഷമം ഉണ്ടെന്നു തോന്നുന്നില്ല.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങിനെ വരാജരാക്കുന്ന റിപ്പോർട്ടിനെ കൗൺസിൽ സ്വീകരിക്കണമെന്നുനിർബന്ധമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതു സ്വീകരിക്കുവാനും തള്ളിക്കളയുവാനും കൗൺസിലിനു് അധികാരമുണ്ടു്. നൂതനമായ വകുപ്പുകളെ കൂട്ടിച്ചേർത്തു് ഇന്നു നിലവിലിരിക്കുന്ന സംഗതികളെ മാറ്റി നൂതനമായി ഒരു ബിൽ രൂപീകരിച്ചു മെജാറിട്ടി അനുസരിച്ചു പാസാക്കുന്നതിനും കൗൺസിലിനു് അധികാരമുണ്ടു്.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങിനെയാണെങ്കിൽ ഈ കൗൺസിലിൽവച്ച ബില്ലും റിപ്പോർട്ടും സംബന്ധിച്ചുള്ള വാദപ്രതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

വാദം നടത്തി ഇവിടെവച്ചുതന്നെ തീരുമാനിക്കുന്നതിൽ എന്താണു തരക്കേടുള്ളതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എന്റെ അഭിപ്രായം ശരിയായ തെളിവെടുക്കണമെന്നാണു്. ഐ-ലെ റഗുലേഷൻപ്രകാരം ജന്മിമാക്കു പൊളിച്ചെഴുത്തിനു് അവകാശം പത്തുണ്ടു്. അതു് അധികമാണോ? അതിനെ നാലാക്കുന്നതിൽ അതു് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു്? പത്തു് എന്നിരിക്കുന്നതു് നാട്ടുനടപ്പു് അനുസരിച്ചാണോ? എന്നീ സംഗതികളെപ്പറ്റി അന്വേഷണം നടത്തണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു്. ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള കരാറിനേയുംപറ്റി അന്വേഷിക്കണം. ഏതെങ്കിലും ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിവേണം നിശ്ചയിക്കാൻ. അതിനെ സ്വീകരിക്കുന്നതിനു വിരോധമില്ല. ഇപ്പോൾ "അതുരണ്ടും വേണ്ട ചെരിച്ചുളക്കുകാ" എന്നുള്ള നിലയിലാണു വന്നിരിക്കുന്നതു്.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): നിയസഭാംഗങ്ങളിൽ ഫ്രപേർഅടങ്ങിയ സിലക്ട് കമ്മറ്റി യാതൊരു അടിസ്ഥാനവുംകൂടാതെ കണ്ടമാനം റിപ്പോർട്ട് എഴുതി എന്നാണോ മെംബർ പറയുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സിലക്ട് കമ്മറ്റി അങ്ങിനെ ചെയ്തു എന്നല്ല പറയുന്നതു്.

ഫ ഠ കൊല്ലക്കാലത്തേക്കാണു പൊളിച്ചെഴുത്തു വച്ചിരിക്കുന്നതു്. അതിനെ മുപ്പതു കൊല്ലമാക്കിയിരിക്കുന്നതു് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നറിയുന്നില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഇങ്ങിനെ ഒരു ബിൽ കൌൺസിലിന്റെ ആലോചനക്കു വരുമെന്നു മെംബർക്കു നേരത്തേക്കൂട്ടി അറിയാൻ പാടില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബിൽ ഇപ്പോൾ ഉണ്ടെന്നു് പ്രോഗ്രാം കണ്ടപ്പോൾ മാത്രമേ മനസ്സിലായിട്ടുള്ളൂ.

പ്രധാനപ്പെട്ട ഈ ബില്ലിനെപ്പറ്റി കഴിവുള്ളിടത്തോളം ആലോചനചെയ്തു് ഇരുകൂട്ടർക്കും സമാധാനകരമായനിലയിൽ ആക്കിത്തീർക്കുന്നതുവരെ ഈ ബിൽ ആലോചനയിൽകിടക്കുമെന്നാണു വിശ്വസിച്ചിരുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): സിലക്ട് കമ്മറ്റി റിപ്പോർട്ട തയ്യാറാക്കി എന്നറിയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം. സിലക്ട് കമ്മറ്റി റിപ്പോർട്ടതന്നെ കൌൺസിൽ സ്വീകരിക്കുമെന്നു് എനിക്കു വിശ്വാസമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഈബിൽ ആലോചനക്കു വരുന്നതിനുമുമ്പു ജന്മവസ്തുക്കളുടെ അവകാശത്തെപ്പറ്റി ആക്ഷേപംഉണ്ടെന്നു പരാതി കൌൺസിൽ മെംബറന്മാർക്കു അയച്ചിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഏതെങ്കിലും ഒരൊറ്റ മെംബർ വിചാരിച്ചാൽ അങ്ങിനെ അയക്കാൻ സാധിക്കുകയില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതിനെപ്പറ്റി മെമ്മോറാണ്ടം അയച്ചുകൊടുത്തിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഓരോ ദേശത്തും സഞ്ചരിച്ചു ജന്മിമാരുടേയും കുടിയാന്മാരുടേയും അവകാശങ്ങളെപ്പറ്റി വിചാരണകഴിച്ചു തെളിവെടുക്കുന്നതിനു സാധിക്കും. ഒരു നോട്ടീസു കൊടുത്താൽ മതി.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജന്മിമാരുടെ അവകാശങ്ങളേയും മറുംകാണിച്ചു അഘവൂർമനയ്ക്കൽ നമ്പൂതിരിപ്പാടു മറ്റും ചേർന്നു മെമ്മോറാണ്ടം അയച്ചിട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉണ്ടു്.

ജന്മിഭാഗത്തുനിന്നും അതിനെ അനുകൂലിച്ചിട്ടില്ല. അഘവൂർമനയ്ക്കൽ നംപൂതിരിപ്പാടു് അതിൽ ഒപ്പിട്ട എങ്കിലും അതു ജന്മിമാക്കും കുടിയാന്മാക്കും സമ്മതദോഷമാണെന്നു പറഞ്ഞിട്ടുണ്ടു്.

MR. K. KUNJUKRISHNA PILLAI (*Quilon*): ജന്മിപ്രതിനിധി റിപ്പോർട്ടിനെ നിഷേധിക്കുന്നുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിനെ നിഷേധിക്കാനില്ല. എനിക്കും ഒരു എഴുത്തു വന്നിട്ടുണ്ടു. മേശപ്പുറത്തു് ഇപ്പോഴും കിടക്കുകയാണു്. അതിനെ സ്വീകാര്യമായി ഗണിക്കാനില്ല. കുടിയാന്മാരുടെ ഭാഗത്തുനിന്നും ഈ ബിൽ തൃപ്തികരമല്ലെന്നു പല മെമ്മോറിയലുകളും എനിക്കു കിട്ടിയിട്ടുണ്ടു്. ജന്മിഭാഗത്തുനിന്നും കിട്ടിയിട്ടുണ്ടു്. രണ്ടുഭാഗത്തേയ്ക്കും ദോഷകരമായതുകൊണ്ടാണു് ഇതിനു മുമ്പുവന്നിട്ടുള്ള ബില്ലും ഗവണ്മെൻറു തള്ളിക്കളഞ്ഞതു്. ഇരുകൂട്ടർക്കും ദോഷകരമായ ഒരു ബിൽ ശുപാർശചെയ്യുവാൻ പാടില്ല. ഈ വിഷയത്തെക്കുറിച്ചുള്ള പരിചയക്കുറവുകൊണ്ടു് ഇങ്ങനെ വന്നുചേർന്നതാണു്. എല്ലാംകൂടി കൂട്ടിച്ചേർത്തു നോക്കുമ്പോൾ ഇതിൽ വലിയ ഗുണമുണ്ടെന്നു കാണാവുന്നതാണു്. 1-ാമാണ്ടത്തെ തിരുവെഴുത്തുവിളംബരം

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad]

ത്തിൽ വ്യ വകുപ്പു മാത്രമേയുള്ളു. അതിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്നു നമുക്കറിയാം. അതനുസരിച്ചു വ്യവഹാരങ്ങൾ തുടരുകയായിരുന്നു. ജന്മിമാരുടെ അവകാശങ്ങളെപ്പറ്റി ആരംഭത്തിൽതന്നെ ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വ്യാപ്തിയെ വച്ചുകൊണ്ടാണു് ടെ-ലെ റെഗുലേഷൻ ഉണ്ടായിട്ടുള്ളതു്. അതുകൊണ്ടു സിലക്ററ് കമ്മിററിയിൽ രണ്ടു കക്ഷികൾക്കും തൃപ്തികരമല്ലാത്ത ഒരു ബിൽ എങ്ങിനെയെങ്കിലും പാസ്സാക്കിയെന്നൊരു പേരുവരുത്താതെ ഇരിക്കണമെന്നു് എനിക്കുദ്ദേശമുണ്ടു്. ഞാൻ നിഷ്കളങ്കമായി എന്റെ അഭിപ്രായത്തെ തുറന്നു പ്രസ്താവിക്കുകയാണു ചെയ്യുന്നതു്. കുടിയാന്റെ സുഭിക്ഷം ജന്മിയുടെ സുഖമാണെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. കുടിയാൻ ക്ഷേമമായിരിക്കണമെന്നുള്ള എന്റെ അഭിപ്രായം പല അവസരങ്ങളിലും റിക്കാർഡ്മൂലം ഞാൻ പ്രദർശിപ്പിച്ചിട്ടുണ്ടു്. അതിനായി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. കുടിയാനു് ഏതെങ്കിലുംതരത്തിൽകഷ്ടപ്പാടു വന്നുകൊള്ളട്ടെ ജന്മിയ്ക്കു മുഴുവനും കിട്ടണംഎന്നുള്ള അഭിപ്രായം എനിയ്ക്കു് ഇതുവരെ ഉണ്ടായിട്ടില്ല. രണ്ടു കക്ഷികളും സൗഹാർദ്ദമായ നിലയിൽ പെരുമാറണമെന്നും ജന്മിക്കും കുടിയാനും സുഖമായനിലയിൽ കഴിച്ചുകൂട്ടണമെന്നും ഉള്ള ആഗ്രഹംകൊണ്ടാണു് ഈ ബില്ലു് വീണ്ടും ഒരു സിലക്ററുകമ്മിററിയിൽ അയയ്ക്കണമെന്നു് ഞാൻ അഭ്യർത്ഥിപ്പെടുന്നതു്.

MR. P. S. MAHOMED (*Nominated*): സിലക്ററുകമ്മററിയിൽ ജന്മിമാർ ചെയ്യേണ്ട വാദങ്ങളിൽ ഏതെങ്കിലുമൊന്നു പുറപ്പെടുവിക്കാതെ ഇരുന്നിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പല സംഗതികളും പുറപ്പെടുവിക്കാതെ ഇരുന്നു എന്നുവരാം.

MR. P. S. MAHOMED (*Nominated*): പുതുതായി വല്ലസംഗതികളും പറയാനുണ്ടോ? അന്നു പറയാതെ വല്ല സംഗതികളും വിട്ടുപോയിട്ടുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെ വിട്ടുപോയിട്ടുള്ളതും കാണും. കൂടുതലായി ചേർക്കേണ്ടതുംകാണും. കൌൺസിലിൽവച്ചു രണ്ടുകക്ഷിക്കും തൃപ്തികരമായ ഒരു ബിൽ രൂപീകരിക്കണമെന്നുണ്ടെങ്കിൽ മേലാൽ കോടതികളിൽ വ്യവഹാരങ്ങൾ കുറയ്ക്കത്തക്കവണ്ണമുള്ള ഒരു ബിൽ രൂപീകരിക്കണമെന്നാണു് എന്റെ ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

അതിനു ഒന്നുകൂടി വിചാരണചെയ്തു തെളിവു ശേഖരിക്കുന്നതിനുവേണ്ടിയ ബുദ്ധിമുട്ടുണ്ടെന്നു തോന്നുന്നില്ല. ഒന്നുകൂടി വിചാരണചെയ്തു തെളിവുശേഖരിച്ചു ബിൽ രൂപീകരിക്കുന്നതായാൽ രണ്ടുകൂട്ടർക്കും ശരിയായ സമാധാനത്തിനു് അവകാശമുണ്ടു്. പുതുതായിതെളിവെടുക്കുന്ന അവസരത്തിൽ ജന്മിമാരുടേയും കുടിയാന്മാരുടേയും പുതിയ ആശയങ്ങളും അനുസരിച്ചു മൊഴികൊടുക്കുന്നു എങ്കിൽ ആ തെളിവുകളേയുംകൂടി സ്വീകരിക്കാവുന്നതാണു്. ഇതുബിൽ തയ്യാറാക്കുന്നതിനു നിശ്ചയിച്ച കൗൺസിൽ അംഗങ്ങളും തന്നെ ഇപ്പോഴും മാറിപ്പോയിരിയ്ക്കുന്നു. ഇപ്പോഴത്തെ നിലയ്ക്കു് പൂർണ്ണമായവിവരങ്ങളും മനസ്സിലാക്കാത്ത അംഗങ്ങളും ഉണ്ടായിരിക്കാവുന്നതാണു്. അവക്കും കൂടി കാര്യം മനസ്സിലാകത്തക്കവണ്ണം തെളിവു ശേഖരിക്കേണ്ടതു് അത്യാവശ്യമാണു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇനിമേൽ തെളിവുശേഖരിക്കുന്നതിനായി സഞ്ചരിച്ചു വ്യവസ്ഥപ്പെടുത്തിവരുമ്പോഴും ഈ കൗൺസിലിലെ അംഗങ്ങളും മാറിപ്പോവുകയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബിൽ ഇന്നസമയത്തുതന്നെ പാസാക്കണമെന്നു വിചാരിക്കുന്നില്ല. സമാധാനം ഉണ്ടാകത്തക്കവിധത്തിൽ ബിൽ പാസാക്കണമെന്നേയുള്ളു. മി: രാമവമ്മരാജാ ഈ ജന്മികുടിയാൻ വഴക്കുതീർക്കുന്നതിനു് ഒരു വഴി ഇതിനു മുമ്പു പ്രസ്താവിക്കയുണ്ടായി. അതിനോടു ഏതാണ്ടു അനുകൂലിച്ചു പറവൂർനിന്നും ഒരു മെമ്മോറിയൽ ഞാൻ കണ്ടു. ആ മെമ്മോറിയലിൽ കമ്മറിറിപ്പോർട്ടിനേയും ബില്ലിനേയും നിഷേധിച്ചിരിക്കുന്നു. രണ്ടുകൂട്ടർക്കുംസമാധാനകരമല്ലാത്തനിലയിൽ ബിൽ പാസാക്കാൻ പാടില്ല. ഈ ബിൽ ഈ രാജ്യത്തെ സാമ്പത്തികനിലയെ കൂടി ബാധിക്കുന്നതാണെന്നുള്ള സംഗതിക്കുടെ ആലോചിച്ചു വീണ്ടും ഒരു സിലക്ടു് കമ്മിറ്റിക്കു് അയച്ചു വിചാരണനടത്തി റിപ്പോർട്ടുവാങ്ങിക്കുന്നതിനു് ഈ കൗൺസിലിലെ മെമ്പേർസിന്റെ കാരുണ്യത്തെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

MR. JOSEPH KUNJU (*Changanachery cum Peermade*): ഇനി പുതുതായി നിയമിക്കുന്ന കമ്മറിയിൽ നിന്നും തെളിവെടുത്തു് ആവശ്യമെന്നതോന്നുന്ന ഭേദഗതികളോടുകൂടി രൂപീകരിക്കുന്ന ബില്ലിനു യാതൊരുവിരോധവുംപറയാതെ ജന്മിഭാഗത്തുനിന്നും സ്വീകരിച്ചുകൊള്ളാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇങ്ങനെ ഒരു ചോദ്യം ചോദിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഇന്നവിധത്തിൽചെയ്യണമെന്നു് ഏർപ്പാടുചെയ്യാം. അതനുസരിച്ചു സാധിച്ചുതരാമോഎന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നെക്കൊണ്ട പ്രതിജ്ഞചെയ്യിക്കണമെന്ന നിർബന്ധമുണ്ടോ. അങ്ങിനെ നിർബന്ധമുണ്ടെങ്കിൽ—ഈ കൌൺസിലിന് അങ്ങിനെ അഭിപ്രായമുണ്ടെങ്കിൽ—നിശ്ചയമായും ഞാൻ അതിന കീഴടങ്ങിക്കൊള്ളാം.

MR. V. N. JATAVEDAN NAMPUTIRIPAD (*Co-opted*) : മിസ്റ്റർ തുപ്പൻ നമ്പൂതിരിയുടെ അഭിപ്രായത്തോടുകൂടി ഞാൻ യോജിച്ചുകൊള്ളുന്നു. അദ്ദേഹം ഒ ഫ-ലെ ഇ-ാംറഗുലേഷനിൽ വലുതായ വ്യത്യാസം വരുത്താൻപാടില്ല എന്ന് സിലക്ട് കമ്മിറ്റിയിൽപറഞ്ഞു. അത് തള്ളിപ്പോയി. ദിവാൻ രാജഗോപാലാചാരിഅവർകളുടെ പ്രൊസീഡിംഗ്സ് അനുസരിച്ചാണ് രാമൻതമ്പിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഏർപ്പെട്ടത്തി അന്വേഷണം നടത്തിയിട്ടുള്ളത്. ആ പ്രൊസീഡിംഗ്സിൽ ഫ ഠ ഭ ഫ-ലെ റഗുലേഷനിൽ ക്രൂരതലായ ഭേദഗതികൾ വരുത്തിക്രൂരാ എന്നു പറഞ്ഞിട്ടുണ്ടായിരുന്നു. മി: തുപ്പൻതമ്പൂതിരിയും ആ സംഗതിയെപ്പറ്റിയാണ് പറഞ്ഞത്. ഇന്നു നിലവിലിരിക്കുന്ന ജന്മികുടിയാൻ റഗുലേഷനിൽ വലുതായ ഭേദഗതികൾ വരുത്താൻപാടില്ലെന്ന ഒരു അമൻറുമെൻറ് സിലക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നു. രാമൻതമ്പി വിചാരണ നടത്തിയ തെളിവുകൾ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. ഓരോ ദേശത്തേയും നടപ്പ് വേറെ വേറെയാണ്. അതാതു ദേശങ്ങളിലെ നടപ്പ് അതാതു സ്ഥലങ്ങളിൽപോയി ജനങ്ങളെ വിസ്തരിച്ച് തന്നെ മനസിലാക്കണം രാമൻതമ്പിയുടെ റിപ്പോർട്ടുകാലത്ത് നടപ്പുകളെ എങ്ങിനെ ഏകീകരിക്കാമെന്ന് കണ്ടുപിടിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് ആ റിപ്പോർട്ട തള്ളിപ്പോയി.

രണ്ടാമതായി ഓരോ കോടതികളിലും ഈ സംഗതികളെപ്പറ്റി വിസ്തരിക്കുമ്പോൾ കേവലം ഒരു വകുപ്പിനേനോക്കിമാത്രം അതിനെ തള്ളാൻപാടില്ല. ഭൂമിയുള്ളകാലംവരെ ജന്മിയും കുടിയാനും അനുഭവിക്കേണ്ട ഒരു കാര്യമാണ് ഇതു. അതുകൊണ്ട് ഒരു ചട്ടത്തെ അടിസ്ഥാനമാക്കിമാത്രം നിശ്ചയിക്കാൻപാടില്ല. കാണാവകാശത്തെ സംബന്ധിച്ച ഹൈക്കോടതിവിധികൾ ഉണ്ടായിട്ടുണ്ട്. ഇതുവരെയുള്ള ഹൈക്കോടതിവിധികൾകൊണ്ടും ര ഫ-ലെ തിരുവെഴുത്തു വിളംബരം അനുസരിച്ചും അല്ലാതെ മേലാൽ ഭേദഗതികൾ ചെയ്യാൻപാടില്ലെന്ന് ദിവാൻ രാജഗോപാലാചാരി അവർകളുടെ പ്രൊസീഡിംഗ്സിൽ കാണുന്നുണ്ട്. ഹൈക്കോടതി വിധികളേയും ദേശനടപ്പിനേയും അനുസരിച്ചാണ് ചട്ടം ഉണ്ടാക്കേണ്ടതു. അതുകൊണ്ട് തുപ്പൻതമ്പൂതിരിയുടെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-opted*) : Sir, I beg to support the amendment by Mr. Tuppan Namputiripad. The amending Bill is intended to make some changes in the V Regulation of 1071 and that Regulation was meant to regulate the proceedings between the jenmies and the Kutiyans in connection with the rights given to the tenants by the Proclamation of 1042. The rights given by this Proclamation expressly provided that these rights were given because public benefit largely required giving fixity of tenure to the tenants and also because it would not cause any hardship to the jenmies since they would not require their lands for cultivati in purposes. The commission, appointed under the presidency of Mr. Kunjuraman Nayar who prepared the Regulation of 1071, elaborately enquired into the customs prevalent throughout Travancore and prepared the Bill which later on became Regulation V of 1071. Almost all the points necessary for working out the relation between the jenmies and the kutiyans have been established by the Regulation V of 1071.

MR. K. KUNJUKRISHNA PILLAI (*Quilon*) : May I know how all these things relate to the amendment for the recommittal of the Bill?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : I am trying to point out what should be the essential considerations to be borne in mind by a Select Committee when considering such a Bill.

Thus the Regulation V of 1071 has declared what are to be the relations between the jenmies and the tenants; and it is not proper for succeeding legislators to alter these rights.

MR. S. KRISHNA PILLAI (*Karunagapalli*) : Does the member know the legal import of the expression "Amendment Regulation"?

MR. RAMAN NAMPUTIRIPAD (*Co-opted*) : I think I do understand it.

MR. S. KRISHNA PILLAI (*Karunagapalli*) : So, what does the member mean when he says that the old Regulation ought not be amended? Amendment Regulation means that an amendment of the old Regulation is to be made.

MR. N. RAMAN NAMPUTIRIPAD (*Co-opted*) : The House has got the power, but certain well-established principles which ought to be borne in mind should control the exercise of the power.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : Can they not be advanced here and the Amending Bill passed without recommitting it to a Select Committee?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : I think it is not in the interest of the public well-being to disturb the relations established between the jenmies and tenants so often and often as to deprive the jenmies of the feeling of security which the advocates of tenants are always demanding for themselves.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : The member has not answered me. My question is whether it would not be better to have the whole principle advocated here and get these things amended here before the House without waiting for a Select Committee to be created afresh?

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-opted*) : I beg to submit that is not the proper procedure.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) : I wish to know how ?

MR. S. KRISHNA PILLAI (*Karunagapalli*) : Is the member opposed to all the amendments of the existing Regulation of 1071 ?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : Legally, I say, that I can oppose all these.

MR. S. KRISHNA PILLAI (*Karunagapalli*) : Is that the view that the member wants this House to accept ?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : No. Any of the provitions connected with the paying of the michavaram may be amended, all others concerning money rights provided to the jenmi must be left in tact.

MR. S. KRISHNA PILLAI (*Karunagapalli*) : Is the member agreeable to the proposal that the Bill itself might be considered by this House, and that if the House is satisfied that these amendments should not be made it might throw out the Bill ?

Is the member agreeable to that course being adopted ?

MR. N. RAMAN NAMPUTIRIPAD (*Co-opted*) : I beg to be informed whether I can speak in Malayalam.

PRESIDENT : If you find it difficult to talk in English, there is absolutely nothing standing in the way of your talking in Malayalam.

MR. N. RAMAN NAMPUTIRIPAD (*Co-opted*): ജന്മവസ്തുക്കളിൽനിന്നും ജന്മിമാക്ക് പണം കിട്ടുന്നതിനെസംബന്ധിച്ച് നിയന്ത്രിച്ചിട്ടുള്ള വ്യവസ്ഥകളിൽ യാതൊരു കുറവും വരുത്താതെ ഭേദഗതിചെയ്യുന്നതായാൽ അതു് ജന്മിമാക്ക സമ്മതമായിരിക്കുമോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : റൌണ്ട് ടേബിൾ കാൺഫറൻസിന്റെ തീരുമാനം അനുസരിച്ച് ചെയ്യാൻ സമ്മതമാണൊ?

MR. N. RAMAN NAMPUTIRIPAD (*Co-opted*): ഇതിനെ സംബന്ധിച്ച് റൌണ്ട് ടേബിൾകാൺഫറൻസിൽവച്ച് ചെയ്ത തീരുമാനം ശരിയായതുപോലെ അനുസരിച്ചില്ലെന്നാണ് എന്റെ അഭിപ്രായം.

MR. S. KRISHNA PILLAI (*Karunagapalli*): അതുകൊണ്ട് ബിൽ തള്ളണമെന്നാണൊ മെംബരുടെ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കോടതി വ്യവഹാരങ്ങളിൽതന്നെ ഒരു കുറവു വരുന്നതു് ഏറക്കുറെ ഒരു വലിയ ലാഭമായി വിചാരിക്കാൻ തരമില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

MR. N. RAMAN NAMPUTIRIPAD (*Co-opted*). അങ്ങിനെ വിചാരിക്കാമെന്നല്ല എന്റെ അഭിപ്രായം. പണം സംബന്ധിച്ച നിബന്ധനകളെ മാത്രം ഒഴിച്ചുവച്ചിട്ട് ബാക്കിയുള്ള കാര്യങ്ങളെപ്പറ്റി മാത്രമേ ആലോചിക്കാവു എന്നാണ് എനിക്കു പറയുവാനുള്ളതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): അതിനെ ഒഴിച്ചാൽ പിന്നെ എന്തെങ്കിലും കാര്യം അതിലുണ്ടോ?

PRESIDENT: Do you mean that questions of procedure alone might be taken up for amendments leaving fundamental rights and liabilities as they are? Is that your point.

MR. N. RAMAN NAMPUTIRIPAD (*Co opted*): Yes, Sir.

PRESIDENT: The House will now rise and meet again tomorrow at 11-30 a. m.

The Council adjourned at 5-5 P. M. to meet again at 11-30 A. M. the next day.

P. VISWANATHA IYER,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly